| റജിസ്റ്റർ നമ്പർ | | | |
|---|---|---|---|
| | | | |

بسم الله الرحمن الرحيم

| Invigilator’s Sign |
|---|
| |

# LEARN THE QUR'AN

## X<sup></sup>th EXAMINATION FOR PART 15 & 16

(റിയാദ് ഇന്ത്യൻ ഇസ്‌ലാഹീ സെൻറർ ഖുർആൻ പഠന പരീക്ഷാ പദ്ധതി)

## പരീക്ഷാ ചോദ്യക്കടലാസ്

**പരീക്ഷാ കേന്ദ്രം:** ________ സമയം: 2 മണിക്കൂർ

**Max Mark : 100**

**ഉത്തരക്കടലാസ് അസാധുവാകാതിരിക്കാൻ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ:**

- **റജിസ്റ്റർ നമ്പർ/പരീക്ഷാകേന്ദ്രം** (സ്ഥലത്തിൻെറ പേര് ) **എന്നിവ അതാത് കോളത്തിൽ എഴുതുക.**
- **വെട്ട്, തിരുത്ത് എന്നിവ പാടില്ല.**
- **പരീക്ഷാക്രമക്കേടുകൾ പാടില്ല.**
- **ശരിയായ ഉത്തരം സൂചിപ്പിക്കാനായി A B C D കോളത്തിൽ ✓ അടയാളപ്പെടുത്തുക.**

1. രാപ്രയാണം (ഇസ്റാഅ്)എന്തിനു വേണ്ടിയായിരുന്നു?

| | |
|---|---|
| A | മസ്ജിദുൽ അഖ്സ ‘അനുഗ്രഹിക്കപ്പെട്ട’ സ്ഥലമാണെന്നറിയാൻ. |
| B | മസ്ജിദുൽ ഹറം പവിത്ര പള്ളിയാണെന്നറിയാൻ. |
| C | അല്ലാഹു പരിശുദ്ധനാണെന്ന് അറിയാൻ. |
| D | അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളിൽ നിന്ന് ചിലത് കാണിക്കുവാൻ. |

2. ഫലസ്തീനിന്ന് ‘വാഗ്ദത്ത ഭൂമി’ എന്ന് പറയാൻ കാരണം?

| | |
|---|---|
| A | ഇസ്റാഈല്യർക്ക് പാർപ്പിടം നൽകി കുടിയിരുത്തുമെന്ന യു.എൻ. വാഗ്ദാനം |
| B | വിശ്വാസികൾക്ക് സ്വർഗ്ഗം വാഗ്ദാനം ചെയ്ത ഭൂമിയായതിനാൽ |
| C | ഭൂമിയിലെ ബലഹീനൻമാർക്ക് അനുഗ്രഹം നൽകി നേതാക്കളാക്കി അനന്തരാവകാശികളാക്കുമെന്ന് പറയപ്പെട്ടതിനാൽ |
| D | മൂസാനബി(അ)ക്കും വിശ്വാസികൾക്കും സങ്കേതം നൽകാമെന്ന് അല്ലാഹു വാഗ്ദാനം ചെയ്തതിനാൽ |

3. അതിക്രമിയായ ഫിർഔനിനെ തൗഹീദിലേക്ക് ക്ഷണിക്കാൻ നിർദ്ദേശിക്കപ്പെട്ട നയം ?(താഹ: 44)

| | | | |
|---|---|---|---|
| A | ദൗത്യം പൂർത്തീകരിച്ച് തിരികെ പോരുക | B | സൗമ്യമായ വാക്ക് പറയുക |
| C | സത്യം വെട്ടിത്തുറന്ന് പറയുക | D | തുടക്കത്തിൽ തൗഹീദ് മറച്ച് വെക്കുക |

4. ഗർഭിണിയും വിവശയുമായ മർയമിനോട് ‘‘ഈത്തപ്പന കുലുക്കിക്കൊള്ളുക, അത് നിനക്ക് പുതിയ ഈത്തപ്പഴം വീഴ്ത്തിത്തരും‘‘ ഈകൽപ്പനയിൽ മാനുഷികമായി വിശ്വസിക്കാവുന്നതെന്ത് ?

| | |
|---|---|
| A | ശൈത്യ കാലത്ത് ഈത്തപ്പന കായ്ച്ചു പഴുക്കും |
| B | ഈത്തപ്പന മരം കുലുക്കിയാൽ കുലുങ്ങും, പഴം പൊഴിയും |
| C | പൂർണ്ണ ഗർഭിണിയാണെങ്കിലും അതി ശക്തയാണ് സ്ത്രീ |
| D | സർവ്വ ശക്തനാണ് അല്ലാഹു |

5. മിഅ്റാജ് യാത്രയെ കുറിച്ച ആയത്ത് ഏത് സൂറത്തിലാണ്?

| | | | | | | | |
|---|---|---|---|---|---|---|---|
| A | ഇസ്റാഅ് | B | കഹ്ഫ് | C | താഹാ | D | ഒന്നിലുമില്ല |

6. ‘‘ഹേ മൂസാ,നിങ്ങളുടെ റബ്ബ് ആരാകുന്നു’’ ഫിർഔനിന്റെ ചോദ്യത്തിന് മൂസാ(അ)യുടെ മറുപടിയുടെ തുടക്കമേത്?

| | |
|---|---|
| A | പിഴച്ചുപോകാത്തവനും മറന്നു പോകാത്തവനും |
| B | ഭൂമിയെ തൊട്ടിലാക്കുകയും അതിൽ പലവിധ വഴികൾ ഏർപ്പെടുത്തിത്തിരികയും ചെയ്തവൻ |
| C | എല്ലാവസ്തുവിനും അതിന്റെ സൃഷ്ടിപ്പ് നൽകുകയും പിന്നീട് മാർഗ്ഗ ദർശനം നൽകുകയും ചെയ്തവൻ |
| D | വിഭിന്ന സസ്യങ്ങളിൽ നിന്നും പല ഇണകൾ ഉൽപ്പാദിപ്പിച്ചവൻ |

7 ഇസ്റാഅ് മിഅ്റാജ് യാത്ര സ്വപ്നത്തിലായിരുന്നുവെന്ന് പറയുന്നവരുടെ തെളിവുകളെ ഘണ്ഡിക്കാത്ത പ്രസ്താവന ?

| | |
|---|---|
| A | ഈ കാലത്ത് ആയിശ(റ) നബി(സ) യുടെ പത്നി ആയിരുന്നില്ല. |
| B | ഈ കാലത്ത് മുആവിയ്യ(റ) മുശ്‌രിക്കുകളുടെ കൂട്ടത്തിലായിരുന്നു. |
| C | ഈ അഭിപ്രായം പറഞ്ഞ സഹാബികൾ നബി(സ) യുമായി അധിക കാലം സഹവസിക്കാത്തവരായിരുന്നു. |
| D | മൊത്തത്തിൽ ആളുകൾക്ക് ആകാശ യാത്ര അവിശ്വസനീയമാണ്. |

8 ഇസ്റാഉം മിഅ്റാജും ഉറക്കത്തിലാകാനാണ് സാധ്യത എന്ന അഭിപ്രായം സത്യവിശ്വാസികളെ സംബന്ധിച്ചിടത്തോളം......

| | | | | | | | |
|---|---|---|---|---|---|---|---|
| A | ശരിയാകാം | B | ശരി തന്നെയാണ്. | C | ഒട്ടും ശരിയല്ല | D | തെറ്റാകാം |

**9- 18.**കാലിയായ കോളത്തിൽ സൂറത്ത് ഇസ്റാഈലിലെ തന്നിട്ടുള്ള കൽപനകളുടെ ശരിയായ ക്രമത്തിലുള്ള അക്ഷരങ്ങളെഴുതുക

| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 |
|---|---|---|---|---|---|---|---|---|---|
| | | | | | | | | | |

| | | |
|---|---|---|
| 1. | C | കരാർ നിറവേറ്റണം |
| 2. | N | പിശുക്ക് പിടിച്ച് കൈകൾ പിരടിയിൽ കെട്ടരുത്.അത് മുഴുവൻ അമിതമായി നീട്ടിവിടുകയും അരുത്. |
| 3. | A | ഏറ്റവും നല്ലമാർഗ്ഗത്തിലൂടെയല്ലാതെ അനാഥയുടെ സ്വത്തിനെ സമീപിക്കരുത്. |
| 4. | I | വ്യഭിചാരത്തിലേക്ക് അടുക്കരുത്. |
| 5. | O | ദാരിദ്ര്യം ഭയന്ന് നിങ്ങളുടെ കുട്ടികളെ കൊല്ലരുത് |
| 6. | E | ഭൂമിയിൽ അഹന്ത കാണിച്ച് നടക്കരുത്. |
| 7. | D | അറിവില്ലാത്തതിനെ പിന്തുടരരുത്. |
| 8. | T | അന്യായമായി ആളെ കൊല്ലരുത്. |
| 9. | U | അളവിലും തൂക്കത്തിലും കൃത്രിമം കാണിക്കരുത് |
| 10. | B | അല്ലാഹുവിനോടു കൂടി വേറെ ഒരു ആരാധ്യനേയും നീ ഏർപ്പെടുത്തരുത്. |

19. മസ്ജിദുൽ അഖ്സയെ കുറിച്ച് ''ചുറ്റുപാടും നാം അനുഗ്രഹിച്ച് ആശീർവദിച്ചത് ''എന്ന വചനത്തിന് തെറ്റായി നൽകപ്പെടുന്ന വ്യാഖ്യാനം?

| | |
|---|---|
| A | വിവിധ തരം കൃഷികളും തോട്ടങ്ങളും കൊണ്ട് സമൃദ്ധമാണ്. |
| B | നിരവധി നബിമാരുടെ പ്രബോധനങ്ങൾക്ക് സാക്ഷിയാണ്. |
| C | നിരവധി പ്രവാചകൻമാരുടെ ചരിത്രങ്ങൾക്ക് സാക്ഷിയാണ്. |
| D | നിരവധി പ്രവാചകൻമാരുടെ മഖ്ബറകളും ജാറങ്ങളും കൊണ്ട് അനുഗ്രഹീതമാണ്. |

**20.** ഖുർആനിന്റെ അവതരണ കാരണമായി ഈ പാഠഭാഗത്തിൽ പറയാത്ത കാര്യം ?

| | |
|---|---|
| A | നീ ക്ളേശിക്കുവാൻ വേണ്ടിയല്ല |
| B | ഭയഭക്തർക്ക് സന്തോഷ വാർത്തയും കുതർക്കികൾക്ക് താക്കീതും നൽകുവാൻ |
| C | ജീവിച്ചിരിക്കുന്നവർക്ക് മുന്നറിയിപ്പ് നൽകുവാൻ |
| D | ഭയപ്പെടുന്നവർക്ക് ഉപദേശമായിട്ടാണ്. |

21 ''എനിക്കൊരു ദൃഷ്ടാന്തം നിശ്ചയിച്ചു തരേണമേ''കുഞ്ഞുണ്ടാകുമെന്നതിന് സകരിയ്യാ നബി(അ)ക്ക് നൽകിയ ദൃഷ്ടാന്തം എന്ത്?

| | |
|---|---|
| A | നീ ഗ്രന്ഥം ബലമായി സ്വീകരിച്ചു കൊള്ളുക എന്ന് പറഞ്ഞു. |
| B | അത് എനിക്കൊരു നിസ്സാര കാര്യമാണെന്ന് പറഞ്ഞു |
| C | നീ ജനങ്ങളോട് മൂന്നു ദിവസം സംസാരിക്കുകയില്ലെന്ന് പറഞ്ഞു. |
| D | ജിബ്രീൽ മനുഷ്യ രൂപത്തിൽ പ്രത്യക്ഷപ്പെട്ടു സംസാരിച്ചു. |

22 അല്ലാഹു എവിടെയാണ് എന്ന ചോദ്യത്തിന് ഉത്തരം (സൂറത്ത് ത്വഹാ)

| | | | |
|---|---|---|---|
| A | അല്ലാഹു എല്ലായിടത്തുമുണ്ട്. | B | അല്ലാഹു കണ്ഠനാളത്തിന് അരികെയാണ്. |
| C | അല്ലാഹു സിംഹാസനത്തിൽ ആരൂഢനാണ്. | D | അല്ലാഹുവിന് പ്രത്യേകമായി ഒരു സ്ഥലമില്ല. |

23 'ഹാറൂന്റെ സഹോദരീ'' .......എന്ന് മർയം (അ) യെ വിളിച്ചതിലെ ഹാറൂൻ ആരാണ്.

| | | | |
|---|---|---|---|
| A | മൂസാ(അ)യുടെ സഹോദരൻ ഹാറൂൻ | B | മർയമിന്റെ സഹോദരൻ ഹാറൂൻ |
| C | മർയമിന്റെ പ്രതിശ്രുത വരനായ ഹാറൂൻ | D | മർയമിന്റെ കുടുംബ ബന്ധുവായ നല്ലൊരു മനുഷ്യൻ |

24 ഇതു മുതലാണ് 'സിദ്ദീഖ്' എന്ന് അബൂബക്കർ (റ) വിളിക്കപ്പെട്ടുവെന്ന് പറയപ്പെടുന്നു. ഏതുമുതൽ ?

| | |
|---|---|
| A | ആദ്യമായി വിശ്വസിക്കുകയും നബി(സ)യുടെ വഹ്യിനെ സത്യപ്പെടുത്തുകയും ചെയ്തപ്പോൾ. |
| B | നബി(സ)യുടെ കൂടെ ഗുഹയിൽ ഒളിച്ചിരുന്നപ്പോൾ. |
| C | രാവുയാത്രയെ കുറിച്ച് പ്രതികരിച്ചപ്പോൾ. |
| D | തബൂക്ക് യുദ്ധവേളയിൽ മുഴുവൻ സ്വത്തും സ്വദഖ ചെയ്തപ്പോൾ. |

25 'അസ്മാഉൽ ഹുസ്ന' ( ഏറ്റവും നല്ല നാമങ്ങൾ) അതിന്റെ വിവക്ഷ?

| | |
|---|---|
| A | ഇസ്മിന്റെ പണിക്കായി ജോൽസ്യൻമാർ ഉപയോഗിക്കുന്ന പേരുകൾ. |
| B | ഓതി മന്ത്രിച്ചാൽ പുണ്യം കിട്ടുന്ന ഗ്രന്ഥം. |
| C | അല്ലാഹുവിന്റെ പരിപൂർണതയും പരമമായ പരിശുദ്ധിയും സൂചിപ്പിക്കുന്ന വചനങ്ങൾ. |
| D | കുട്ടികൾക്ക് പേരിടാൻ നിർദ്ദേശിക്കപ്പെടുന്ന നല്ലനാമങ്ങളുടെ സമാഹാരം. |

26 നമസ്കാരം നിലനിർത്തുന്നതിന്റെ ലക്ഷ്യം (ത്വാഹാ :14)

| | | | |
|---|---|---|---|
| A | ഭൗതികവും പാരത്രികവുമായ വിജയത്തിന് | B | അല്ലാഹുവിനെ ആരാധിക്കുന്നതിന് |
| C | അല്ലാഹുവല്ലാതെ ആരാധ്യനില്ലെന്ന് അറിയുന്നതിന് | D | അല്ലാഹുവിനെ സ്മരിക്കുന്നതിന് |

27 അസ്ഹാബുൽ കഹ്ഫിനെ കുറിച്ച് ''അവർ തങ്ങളുടെ ഗുഹയിൽ 300 കൊല്ലം താമസിച്ചു.ഒമ്പത് കൊല്ലം അവർ കൂടുതലെടുത്തു'' എന്നും പറയാൻ കാരണം.

| | |
|---|---|
| A | കൃത്യമായി കണക്ക് അറിയാത്തത് കൊണ്ട്. |
| B | മുന്നൂറ് ഒരു പൂർണ്ണ അക്കം ആയതിനാൽ. |
| C | മുന്നൂറു വർഷം ഉദ്ദേശിച്ച ഉറക്കത്തിൽ 9 വർഷം കൂടുതൽ എടുത്തതിനാൽ. |
| D | സൗര വർഷവും ചന്ദ്ര വർഷവും വഴിക്കുവഴി പറഞ്ഞതു കൊണ്ട്. |

28 സിദ്റത്തുൽ മുൻതഹാ' എന്ന് വെച്ചാൽ.

| | | | |
|---|---|---|---|
| A | കയറിപ്പോകാനുള്ള സാധനം. | B | അത്ഭുത വൃക്ഷം. |
| C | സദാ പെരുമാറ്റമുള്ള ഭവനം. | D | അവസാനത്തെ സിദ്റ് എന്ന മരം. |

29 'ഇതിന് മുമ്പ് ഈ പേര് ആർക്കും നൽകിയിട്ടില്ല'.ഏത് പേരിനെ കുറിച്ചാണ് അല്ലാഹു പറഞ്ഞത്. (മർയം)

| | | | | | | | |
|---|---|---|---|---|---|---|---|
| A | മൂസ | B | ഈസ | C | യഹ്‌യ | D | ആദം |

30 മുഹമ്മദ് നബി(സ)യെ കുറിച്ച പരാമർശത്തിലെ ''ഞാൻ നിങ്ങളെപ്പോലെയുള്ള ഒരു മനുഷ്യൻ മാത്രമാകുന്നു''. (സൂറത്ത് കഹ്ഫ് 110)ഇതിൽ നബി(സ)ക്ക് സാധാരണ മനഷ്യരേക്കാൾ ഉപരിയായ സവിശേഷത എന്ത്?

| | | | |
|---|---|---|---|
| A | മറഞ്ഞകാര്യങ്ങൾ സ്വന്തം അറിയാൻ കഴിയും | B | അല്ലാഹുവിന്റെ അറിവ് എണ്ണിക്കണക്കാക്കാൻ സാധ്യമാണ്. |
| C | അമാനുഷിക കാര്യങ്ങൾ സ്വയം ചെയ്യാൻ കഴിയും. | D | അല്ലാഹുവിൽ നിന്ന് ദിവ്യ ബോധനം ലഭിച്ചിട്ടുണ്ട്. |

31 ഇബ്‌ലീസ് ഏത് വർഗ്ഗത്തിൽ പെട്ടവനാണ്.

| | | | | | | | |
|---|---|---|---|---|---|---|---|
| A | മലക്ക് | B | ജിന്ന് | C | ഇൻസ് | D | പ്രത്യേക വർഗ്ഗം |

32 ഇബ്നു കസീറിന്റെ പ്രസ്താവനയിൽ ആകാശത്തിലെ കഅബ ഏത്?

| | | | | | | | |
|---|---|---|---|---|---|---|---|
| A | സിദ്റത്തുൽമുന്തഹ | B | ബൈത്തുൽമിഅ്റാജ് | C | ബൈത്തുൽമഅ്മൂറ് | D | ബൈത്തുൽമുഖദ്ദസ് |

33 ''എല്ലാമനുഷ്യരും തന്നെ അവന്റെ ശകുനം അവന്റെ കഴുത്തിൽ നാം ഏർപ്പെടുത്തി വച്ചിരിക്കുന്നു''.ഇതിന്റെ യഥാർത്ഥ വിവക്ഷ.

| | |
|---|---|
| A | ശകുനം എന്ന ഗുണദോഷ സങ്കൽപം ശരിയാണ്. |
| B | ദുശ്ശകുനവും ശുഭ ശകുനവും കഴുത്തിലാണ് ബന്ധിപ്പിക്കുന്നത് |
| C | ഓരോരുത്തരുടേയും കർമ്മങ്ങളെ ആശ്രയിച്ചാണ് ശുഭാശുഭ ഫലങ്ങൾ നിലകൊള്ളുന്നത് |
| D | ശുകുനത്തിന്റെ ശുഭാശുഭങ്ങളിൽ നിന്ന് രക്ഷപ്പെടാനാവാത്ത വിധം ബന്ധിപ്പിച്ചിട്ടുണ്ട്. |

34 ഖുർആനിൽ പേരു പറയപ്പെട്ട വനിതകൾ.

| | | | | | | | |
|---|---|---|---|---|---|---|---|
| A | മർയം-ഹവ്വ | B | മർയം -ഖദീജ | C | മർയം-ആസ്യ | D | മർയം മാത്രം |

35 ആസ് ബ്നു വാഇൽ എന്നയാൾ ഖബ്ബാബ് ബ്നു അറത്തിന് കൊടുക്കാനുണ്ടായിരുന്ന പണം മരണപ്പെട്ട് എഴുന്നേൽപ്പിക്കപ്പെടുമ്പോൾ തന്നുകൊള്ളാം എന്ന് പറയാൻ കാരണം.

| | |
|---|---|
| A | ഖബ്ബാബ് ബ്നു അറത്തിനെ പുഛിക്കാനും അവിശ്വാസിയാക്കാനും |
| B | ആസ് ബ്നു വാഇലിന്റെ പരലോക വിശ്വാസം എടുത്തു പറയാൻ |
| C | നമ്മൾ രണ്ടു പേരും ഒരേ വിശ്വാസക്കാരാണെന്ന് വരുത്തിത്തീർക്കാൻ |
| D | കൊടുക്കാനുള്ളത് കൊടുക്കാതെ രക്ഷപ്പെടാൻ |

36 സ്ത്രോത്ര കീർത്തനം കൊണ്ട് ആരംഭിച്ച് സ്തുതി കീർത്തനവും മഹത്വ കീർത്തനവും കൊണ്ട് അവസാനിക്കുന്ന അദ്ധ്യായം.

| | | | | | | | |
|---|---|---|---|---|---|---|---|
| A | കഹ്ഫ് | B | മർയം | C | ഇസ്റാഅ് | D | ത്വാഹാ |

37 തൊട്ടിലിൽ വെച്ച് സംസാരിച്ച ഈസാ(അ) ആദ്യമായി പറഞ്ഞത്

| | | | |
|---|---|---|---|
| A | ഞാൻ ദൈവ പുത്രനാണ് | B | ഞാൻ ദൈവത്തിന്റെ അടിമയാണ്. |
| C | ഞാൻ ദൈവ പ്രവാചകനാണ്. | D | നിങ്ങളെല്ലാം ദൈവത്തിന്റെ മക്കളാണ്. |

38 ഒരു പ്രബോധകൻ പാലിക്കേണ്ട ശൈലിയെ കുറിച്ച് ത്വാഹാ 44–ലെ പാഠം എന്ത്

| | | | |
|---|---|---|---|
| A | കർശനമായി പറഞ്ഞു കൊള്ളുക. | B | സൗമ്യമായി സംസാരിക്കുക. |
| C | ഭയപ്പെടുത്തി മുന്നറിയിപ്പ് നൽകുക. | D | സ്വർഗ്ഗത്തെ കുറിച്ചു സന്തോഷവാർത്ത അറിയിക്കുക. |

39 മിഅറാജ് എന്നാൽ ഇബ്നു അബ്ബാസ്(റ) പ്രസ്താവിച്ചത് .

| | | | |
|---|---|---|---|
| A | കോണിപോലെയുള്ള കയറുന്ന സാധനം | B | വാന യാത്രക്ക് പറയുന്ന പേര് |
| C | പറന്ന് പോകുന്ന ബുറാഖ് എന്ന മൃഗം | D | അനുഗ്രഹീതമായൊരു രാത്രി |

40 പിൽകാലത്ത് വരാനിരിക്കുന്ന നരകാവകാശികളുടെ വിശേഷണങ്ങൾ സൂറ: മർയമിൽ പറഞ്ഞതെന്ത് ?

| | | | |
|---|---|---|---|
| A | നമസ്കാരം ഒഴിവാക്കും,അനാഥകളെ ആട്ടിഅകറ്റും. | B | നമസ്കാരം ഒഴിവാക്കുകയും സ്വന്തം ഇഛ പിൻപറ്റും. |
| C | നമസ്കാരം ഒഴിവാക്കും സകാത്ത് നൽകുകയില്ല. | D | നമസ്കാരം ,സകാത്ത് ,നോമ്പ് ,ഹജ്ജ് എന്നിവ ഒഴിവാക്കും. |

41 ''ആകാശം പൊട്ടിപ്പിളരും വിധം,ഭൂമി വിണ്ടു കീറും വിധം ,പർവ്വതം തകർന്നു വീഴും വിധം'' അല്ലാഹുവിനെ കുറിച്ച് പറയപ്പെട്ട ആരോപണത്തിന്റെ ഉത്തരവാദികൾ ആരാണ്.

| | | | | | | | |
|---|---|---|---|---|---|---|---|
| A | മുശ്രിക്കുകൾ | B | മുനാഫിഖുകൾ | C | നാമമാത്രമുസ്ലിംകൾ | D | കൃസ്ത്യാനികൾ |

42 ജാലവിദ്യക്കാർ സാഷ്ടാംഗം ചെയ്തു വീണുകൊണ്ട് വിശ്വാസ പ്രഖ്യാപനം നടത്തിയപ്പോൾ '' ഹാറൂന്റെയും മൂസയുടേയും റബ്ബിൽ വിശ്വസിച്ചു '' എന്ന് പറഞ്ഞതിലെ രഹസ്യം ……..

| | |
|---|---|
| A | മൂസ നബി കാണിച്ച ജാല വിദ്യയിൽ അത്യാകൃഷ്ഠരായതിനാൽ |
| B | ലോക രക്ഷിതാവിനെ കുറിച്ച് കൃത്യമായി പരിചയമില്ലാത്തതിനാൽ |
| C | ഫിർഔൻ ഞാനാണ് നിങ്ങളുടെ അത്യുന്നതനായ റബ്ബ് എന്ന് പറഞ്ഞതിനാൽ |
| D | ജാലവിദ്യയുടെ ഗുരുവായ മൂസ(അ)യുടെ ഗുരുവിനെ കണ്ടെത്താൻ |

43 ''നിങ്ങൾ ആദമിന് സുജൂദ് ചെയ്യുവീൻ'' എന്ന് മലക്കുകളോട് അല്ലാഹു പറഞ്ഞപ്പോൾ ഇബ്ലീസ് സുജൂദ് ചെയ്യാതിരിക്കുന്നതിന് കാരണം ഇബ്ലീസ് തന്നെ പറഞ്ഞത്(ഇസ്റാഅ് : 61).

| | |
|---|---|
| A | ഞാൻ അല്ലാഹുവിനല്ലാതെ മറ്റൊരാൾക്ക് സുജൂദ് ചെയ്യുകയോ |
| B | ആരാധനയായ സുജൂദ് മറ്റൊരാൾക്കും ചെയ്യാൻ പാടില്ല |
| C | നീ കളിമണ്ണിനാൽ സൃഷ്ടിച്ചവന് ഞാൻ സുജൂദ് ചെയ്യുകയോ |
| D | ആദരവിന് വേണ്ടി പോലും ആരാധന അല്ലാഹുവിന് മാത്രം . |

44 ''എന്റേയും നിങ്ങളുടേയും രക്ഷിതാവാകുന്നു അല്ലാഹു, ആകയാൽ നിങ്ങൾ അവനെ മാത്രം ആരാധിക്കുവീൻ. അതാണ് ചൊവ്വായ മാർഗ്ഗം''. ഇതേ വചനങ്ങൾ ആരാണ് പ്രഖ്യാപിച്ചത്.

| | | | | | | | |
|---|---|---|---|---|---|---|---|
| A | മുഹമ്മദ് (സ) | B | ഈസാ(അ) | C | ഇബ്റാഹീം(അ) | D | ഇദ്‌രീസ്(അ) |

45 ശൈശവത്തിൽ തന്നെ വേദഗ്രന്ഥം ലഭിച്ച പ്രവാചകൻ.

| | | | | | | | |
|---|---|---|---|---|---|---|---|
| A | യൂസുഫ്(അ) | B | ഈസ(അ) | C | സകരിയ്യ(അ) | D | യഹ്‌യ (അ) |

46 സത്യവിശ്വാസികളെ കോരിത്തരിപ്പിക്കുന്ന ജാല വിദ്യക്കാരുടെ ഇസ്ലാം മത ആശ്ളേഷണ പ്രഖ്യാപനത്തിൽ എന്തുകൊണ്ട് നിങ്ങൾ മുസ്ലിമായി എന്ന് ചോദ്യത്തിനുള്ള ഒന്നാമത്തെ ഉത്തരം

| | | | |
|---|---|---|---|
| A | പാപങ്ങൾ പൊറുത്ത് കിട്ടാൻ | B | ഇസ്റാഈൽ മക്കളെ ഒന്നിപ്പിക്കുവാൻ |
| C | ഫിർഔനിന്റെ ഉപദ്രപത്തിൽ നിന്ന് രക്ഷ കിട്ടാൻ | D | സ്വർഗ്ഗത്തിൽ പ്രവേശിക്കവാൻ |

47 ''പ്രവർത്തികൾ നഷ്ടപ്പെട്ടവരുടെ വിചാരം എന്താണ് ?അവർ ………. (കഹ്ഫ്)

| | |
|---|---|
| A | പ്രവർത്തികൾ നന്നായി ചെയ്യുന്നു എന്ന് |
| B | പ്രവർത്തികൾ നിഷ്ഫലമാകുന്നു എന്ന് |
| C | പ്രവർത്തികൾക്ക് തൂക്കം ലഭിക്കുന്നില്ലെന്ന് |
| D | പ്രവർത്തികൾ പിഴച്ച് പോയിരിക്കുന്നു എന്ന് |

48 സൂറത്ത് മർയം ഓതിക്കേട്ടപ്പോൾ ഇസ്ലാം സ്വീകരിച്ച രാജാവ്?

| | | | | | | | |
|---|---|---|---|---|---|---|---|
| A | ഹെർക്കുലീസ് | B | നേഗസ് | C | കിസ്റ | D | കൈസർ |

49 കൂടുതൽ അറിവു ലഭിക്കുവാനായി അല്ലാഹുവിനോട് മുഹമ്മദ് നബി(സ) പ്രാർത്ഥിച്ചിരുന്ന പ്രാർത്ഥനാ വചനങ്ങളുടെ ക്രമ നമ്പറകളിൽ ശരിയായതേത്?

| | | | | | | | |
|---|---|---|---|---|---|---|---|
| والحمد لله | بما علمتني | وعلمني | على كل حال | ما ينفعني | انفعني | وزدني علما | اللهم |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 |

| | | | | | | | |
|---|---|---|---|---|---|---|---|
| A | 12345678 | B | 87654321 | C | 86235714 | D | 41753268 |

**50–59** തന്നിട്ടുള്ള ആയത്തിൽനിന്ന് താഴെ കൊടുത്തിട്ടുള്ള മലയാള വാക്കർത്ഥത്തോട് അൽപമെങ്കിലും യോജിപ്പുള്ള അറബി പദത്തിന്റെ നമ്പർ എടുത്ത് അതിന്റെ നേരെയുള്ള കോളത്തിൽ എഴുതുക.

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | 4 | | 6 | | 9 | | 2 | 1 |
| حتى اذا جعله | انفخوا | قال | الصدفين | بين | حتى اذا ساوى | الحديد | زبر | اتوني |
| 10 | | 7 | | 5 | 8 | | 3 | |
| نقبا | له | ومااستطاعوا | ان يظهروا | فما استطاعوا | قطرا | عليه | أفرغ | نارا قال آتوني |

| | | | |
|---|---|---|---|
| എനിക്ക് കൊണ്ടു വരുവിൻ | | പിന്നെ അവർക്ക് സാധിച്ചില്ല | |
| തുരങ്കത്തിന് | | ശക്തമായ കാററ് | |
| ഞാൻ ഒഴിക്കാം | | കഷണങ്ങൾ | |
| ചെമ്പ് ദ്രാവകം | | സമമാക്കിയപ്പോൾ | |
| അവർക്ക് സാധ്യമായതുമില്ല | | ഇരുമ്പ് ദ്രാവകം | |
| കയറി മറിയുവാൻ | | മലന്തിട്ടകൾ | |
| കട്ടികൾ | | ഊതുവീൻ | |

60 ലോക മുസ്ലിംകളുടെ മാതൃകാമഹതിയായ മർയം(അ) പരിചരിച്ചിരുന്ന പള്ളി ഏത്

| | | | | | | | |
|---|---|---|---|---|---|---|---|
| A | മസ്ജിദുന്നബവി | B | മസ്ജിദുൽഅഖ്സ | C | മസ്ജിദുൽ ഹറാം | D | മസ്ജിദുൽ ഖുബ |

61 സൂറ: ത്വാഹയിൽ (109)ശുപാർശ ഫലം ചെയ്യാനുള്ള നിബന്ധനകൾ പറഞ്ഞിട്ടുള്ളത്?

| | | | |
|---|---|---|---|
| A | അല്ലാഹുവിന്റെ ഏകത്വം,പ്രാർത്ഥന | B | അനുവാദം ,തൃപ്തി |
| C | അനുഗ്രഹം , തൃപ്തി | D | അനുഗ്രഹം കരുണ |

62 യഹ്‌യാ നബി(അ)ക്ക് പേരിട്ടത് ആര്?

| | | | | | | | |
|---|---|---|---|---|---|---|---|
| A | സകരിയ്യ(അ) | B | ഇംറാൻ | C | മാതാവ് | D | അല്ലാഹു |

63 രാത്രിയിൽ അൽപം ഉറങ്ങിയ ശേഷം എഴുന്നേറ്റ് നമസ്കരിക്കുന്നതിന്............നമസ്കാരം എന്ന് പറയുന്നു.

| | | | | | | | |
|---|---|---|---|---|---|---|---|
| A | ഖിയാമുല്ലൈൽ | B | വിത്റ് | C | തഹജ്ജുദ് | D | തറാവീഹ് |

64 കടലിൽ കാറ്റും കോളും വന്നപ്പോൾ മുശ്രിക്കായിരുന്ന ഇക്‌രിമ(റ)യെ മുസ്ലിമാകാൻ പ്രേരിപ്പിച്ച സഹയാത്രികരുടെ സംസാരം ഏത്?

| | |
|---|---|
| A | ആപത്തുണ്ടാകുമ്പോൾ ആദ്യം വിളിക്കേണ്ടത് ഔലിയാക്കളേയാണ്. |
| B | കടലിലും കരയിലും അല്ലാഹുവിനോടു പ്രാർത്ഥിക്കുന്നതിനേ ഫലമുള്ളു |
| C | ഈ സമയത്ത് അല്ലാഹുവിനോടു മാത്രം പ്രാർത്ഥിക്കുന്നതു കൊണ്ടേ ഫലമുള്ളു. |
| D | ആപൽ ഘട്ടങ്ങളിൽ അല്ലാഹുവിനേയും റസൂലിനേയും കൂടി വിളിക്കണം. |

65 നരകത്തിനു ചുറ്റും എല്ലാവരേയും അല്ലാഹു ഹാജരാക്കുമെന്ന് തീരുമാനിക്കപ്പെട്ടിരിക്കുന്നു''. ഒരുമിച്ചു കൂടുന്ന അവസ്ഥയെ കുറിച്ച് ഖുർആൻ പറയുന്നത് (മർയം)

| | | | |
|---|---|---|---|
| A | സുജൂദിൽ കിടക്കുന്നവരായിക്കൊണ്ട് | B | മുട്ടുകുത്തിയവരായിക്കൊണ്ട് |
| C | കുമ്പിട്ടു നിൽക്കുന്നവരായിക്കൊണ്ട് | D | കൈകെട്ടി നിൽക്കുന്നവരായിക്കൊണ്ട് |

66 ഖുർആൻ അവതരിപ്പിച്ചതിന്റെ ലക്ഷ്യം സൂറത്ത് മർയമിൽ പറയുന്നത്?

| | |
|---|---|
| A | ഭയഭക്തർക്ക് സന്തോഷ വാർത്തയും കുതർക്കികൾക്ക് താക്കീതും ആയിക്കൊണ്ട് |
| B | ജീവിച്ചിരിക്കുന്നവർക്ക് മുന്നറിയിപ്പും നിഷേധികൾക്ക് ശിക്ഷ ഉറപ്പ് വരാനും |
| C | നീ കഷ്ടപ്പെടാനല്ല, ഭയഭക്തർക്ക് ഉത്ബോധനമായിക്കൊണ്ട് |
| D | സത്യ വിശ്വാസികൾക്ക് സന്തോഷ വാർത്തയും അല്ലാഹുവിന് സന്താനം ആരോപിച്ചവർക്ക് മുന്നറിയിപ്പുമായിക്കൊണ്ട് |

67 പകലിലേയും രാത്രിയിലേയും മലക്കുകൾ ഒരുമിച്ചു കൂടുന്ന നമസ്കാരത്തിന്റെ വേളയാണത്. (ഹദീസ്) നിശ്ചയം ...................നമസ്കാരത്തിലെ ഖുർആൻ പാരായണം സാക്ഷ്യപ്പെടുത്തപ്പെടുന്നതാണ്. ഏതാണീസമയം?

| | | | | | | | |
|---|---|---|---|---|---|---|---|
| A | ഫജ്ർ | B | അസർ | C | മഗ്‌രിബ് | D | ഇശാഅ് |

68 വിശുദ്ധ ഖുർആനിൽ പരാമർശിക്കപ്പെട്ട ശപിക്കപ്പെട്ട വൃക്ഷം ഏതാണ് ?.

| | | | |
|---|---|---|---|
| A | നരകത്തിലെ സഖൂം എന്ന മരം | B | ചുറ്റുഭാഗത്തും മുള്ളുകൾ നിറഞ്ഞ കള്ളിമുള്ള് |
| C | ഭൂമിയിൽ വേരുറക്കാത്ത നില നിൽക്കാത്തമരം | D | ഭൂമിയിലെ മനുഷ്യർക്ക് ഉപദ്രവം ചെയ്യുന്ന മരം |

69 കൃത്യമായ അറിവു കൂടാതെ കേട്ടുകേൾവിയെ അടിസ്ഥാനമാക്കി വല്ലതും പറയുകയും ആളുകൾ അങ്ങിനെ പറയുന്നുവെന്നും മറ്റും പറഞ്ഞ് ഉത്തരവാദിത്വം മറ്റുള്ളവരുടെമേൽ വെച്ചുകെട്ടുന്നത് വളരെദുഷിച്ച സമ്പ്രദായമാണ്. നബി(സ) പറഞ്ഞു. ആളുകൾ പറയുന്നുവെന്നുള്ളത് മനുഷ്യന്റെ വളരെ ദുഷിച്ച............................ ആകുന്നു (ഹദീസ്-ദാറുഖുത്നി).

| | | | | | | | |
|---|---|---|---|---|---|---|---|
| A | വാഹനം | B | സംസാരം | C | സ്വഭാവം | D | നടപടി |

70 ആകാശ ഭൂമികളിലെ സകല വസ്തുക്കളും അല്ലാഹുവിനെ സ്തുതിക്കുന്നു. സ്തുതി കീർത്തനങ്ങളെ കുറിക്കുന്ന വചനങ്ങളിൽ തെറ്റായത് ഏത്?

| | |
|---|---|
| A | ഈത്തപ്പനത്തടിയും ചരൽ കല്ലുകളും തസ്ബീഹ് ചൊല്ലും |
| B | പർവ്വതങ്ങളും പറവകളും തസ്ബീഹ് ചൊല്ലും |
| C | ബുദ്ധിജീവികളും അല്ലാത്തവയും തസ്ബീഹ് ചൊല്ലും |
| D | അല്ലാഹുവും റസൂലും എല്ലാ തസ്ബീഹും തിരിച്ചറിയും |

71 ദുൽഖർനൈനിയെ സംബന്ധിച്ച് ഖുർആനിലെ പരാമർശത്തിൽ നിന്ന് മനസ്സിലാവുന്നതെന്ത്?

| | | | |
|---|---|---|---|
| A | അലക്സാണ്ടർ ചക്രവർത്തി | B | കാലവും രാജ്യവും അറിയപ്പെടാത്തമഹാൻ |
| C | സൈറസ്സ് എന്ന ഭരണാധികാരി | D | പേർഷ്യയിലെ രാജാവായിരുന്ന അബൂ കർബ് |

72 റൂഹ് എന്നതു കൊണ്ട് വിവക്ഷിക്കപ്പെടാത്തത് എന്ത്?

| | | | | | | | |
|---|---|---|---|---|---|---|---|
| A | ജിബ്രീൽ | B | ഈസ(അ) | C | ജീവാത്മാവ് | D | ജീവിതം |

73 ഖുർആനിന്റെ അമാനുഷികതയെ സ്ഥാപിക്കുന്ന സുവ്യക്തമായ ഒരു ആയത്താണ്.‘‘തീർച്ചയായും ഈ ഖുർആൻ പോലെയുള്ളത് കൊണ്ടുവരാൻ മനുഷ്യരും ജിന്നുകളും ഒരുമിച്ച് ചേർന്നാലും ഇതുപോലുള്ളത് കൊണ്ടുവരുന്നതല്ല’’ എന്ന വചനം . ഇത് ഏത് അദ്ധ്യായത്തിലാണ്?

| | | | | | | | |
|---|---|---|---|---|---|---|---|
| A | ഇസ്റാഅ് | B | കഹ്ഫ് | C | മറിയം | D | താഹാ |

74 മരണ ശേഷം എല്ലും തുരുമ്പുമായി നശിച്ച് മണ്ണായമനുഷ്യൻ വീണ്ടും ജീവിപ്പിക്കപ്പെടുമോ എന്ന ചോദ്യത്തിന്, പറയുക നിങ്ങൾ കല്ലോ ഇരുമ്പോ ആയിക്കൊള്ളുക. ഈ മറുപടിയിൽ അടങ്ങിയത് ?

| | |
|---|---|
| A | കല്ലോ ഇരുമ്പോ ആയിരുന്നെങ്കിൽ രക്ഷപ്പെടാമായിരുന്നു. |
| B | ഇരുമ്പും തുരുമ്പും എല്ലും കല്ലുമായല്ല മനുഷ്യനായാണ് വീണ്ടും ജീവിപ്പിക്കുന്നത്. |
| C | നിങ്ങൾക്ക് ഇഷ്ടപ്പെട്ട വസ്തുവായി നിങ്ങൾക്ക് രൂപാന്തരപ്പെടാവുന്നതാണ്. |
| D | എന്ത് വസ്തുവായിരുന്നാലും അല്ലാഹുവിന് ജീവൻ നൽകാൻ സാധ്യമാണ്. |

75 ഗുഹാവാസികളായ യുവാക്കൾക്ക് ഹൃദയത്തിന് ദൃഢത നൽകിയതിനാൽ അവർ പ്രഖ്യാപിച്ച തൗഹീദിന്റെ വചനങ്ങൾ ഏത്?

| | |
|---|---|
| A | സന്താനത്തെ സ്വീകരിക്കാത്ത ,രാജാധികാരം പങ്കുവെക്കാത്ത, ബന്ധുവില്ലാത്ത അല്ലാഹുവിനത്രെ സ്തുതി. |
| B | അല്ലാഹുവോടുകൂടി വേറെ ഒരു ആരാധ്യനേയും നീ ഏർപ്പെടുത്തിയാൽ നീ ആക്ഷേപിക്കപ്പെട്ടവനാകും. |
| C | ഞങ്ങളുടെ റബ്ബ് ആകാശഭൂമികളുടെ റബ്ബാകുന്നു. അവനു പുറമെ ഞങ്ങൾ ഒരു ആരാധ്യനേയും വിളിക്കുന്നതേയല്ല. |
| D | നിങ്ങൾ അല്ലാഹു എന്ന് വിളിക്കുക, അല്ലെങ്കിൽ റഹ്മാൻ എന്ന് വിളിക്കുക, ഏതായാലും അവന് ഏറ്റവും നല്ല നാമങ്ങളുണ്ട്. |

76 നന്ദികെട്ട ബഹുദൈവ വിശ്വാസികൾക്ക് ഖുർആൻ പറഞ്ഞ ഉദാഹരണം(ഇസ്റാഅ് 67).

| | |
|---|---|
| A | സമുദ്രയാത്രയിൽ ആപത്തുണ്ടായാൽ നേർച്ചക്കാരെ വിളിക്കും.രക്ഷപ്പെട്ടാൽ അല്ലാഹുവിനെ വിളിക്കും. |
| B | സമുദ്രയാത്രയിൽ അല്ലാഹുവിനെയും നേർച്ചക്കാരേയും വിളിക്കും .കരയിലും അപ്രകാരം തന്നെ. |
| C | സമുദ്രയാത്രയിൽ ഉപദ്രവം ബാധിച്ചാൽ അല്ലാഹുവിനെ വിളിക്കും .കരപറ്റിയാൽ തിരിഞ്ഞു കളയും. |
| D | സമുദ്രത്തിലായാലും കരയിലായാലും അല്ലാഹുവിനെ വിളിക്കുന്നതിനു മുമ്പ് റസൂലിനെ വിളിക്കും |

77 ഈസാനബി(അ)യും ആദംനബി(അ)യും തമ്മിൽ സാദൃശ്യമുള്ള കാര്യം എന്ത്?

| | |
|---|---|
| A | രണ്ടുപേരും ജീവിച്ചിരിക്കുന്നു. |
| B | രണ്ടുപേരും വേദനൽകപ്പെട്ടവരാണ്. |
| C | രണ്ടുപേരുടേയും ജനനം സമാനമായിരുന്നു |
| D | രണ്ടുപേർക്കും പിതാവില്ല, രണ്ടുപേരും അല്ലാഹുവിന്റെ അടിമകളാണ് |

78 ഈസ(അ) ദൈവ പുത്രനാണെന്ന വാദം പ്രചരിപ്പിച്ചത് ....................ആയിരുന്നു.

| | | | | | | | |
|---|---|---|---|---|---|---|---|
| A | സെന്റ് പോൾ | B | യാകോബിയർ | C | സെന്റ് തോമസ് | D | കൃസ്ത്യാനികൾ |

79 എന്റെ റബ്ബേ എന്റെ ഹൃദയത്തെ വിശാലമാക്കുകയും എന്റെ കാര്യങ്ങൾ എളുപ്പമാക്കുകയും എന്റെ നാവിന്റെ കെട്ടഴിച്ചു തരികയും ചെയ്യേണമേ എന്ന് ആദ്യമായി പ്രാർത്ഥിച്ചത്.

| | | | | | | | |
|---|---|---|---|---|---|---|---|
| A | ഈസ (അ) | B | മൂസ (അ) | C | മുഹമ്മദ്(സ) | D | ഇബ്റാഹീം(അ) |

80 ഖളിർ (അ) നിർദോഷിയായ ബാലനെ കൊലപ്പെടുത്തുകയുണ്ടായി. ഈ സംഭവത്തിൽ നിന്നുള്ള ഗുണപാഠത്തിൽ ഉൾപെടാത്തത് ഏത്?

| | |
|---|---|
| A | നിരപരാധിയായ കുട്ടിയെ കൊന്നത് ശരിയായില്ല. |
| B | മനുഷ്യൻ തന്റെ അറിവിൽ തൃപ്തനാകരുത്,തനിക്ക് നല്ലതാണെന്ന് തോന്നുന്നതേ നല്ലതാവൂ എന്ന് വാശി പിടിക്കരുത്. |
| C | അറിവ് അല്ലാഹുവിൽ നിന്ന് ലെഭിച്ചാൽ ബാഹ്യലോക നീതിക്കെതിരായിരുന്നാലും അത് ചെയ്തേപറ്റൂ. |
| D | നമ്മുടെ യുക്തിക്കും ന്യായത്തിനും നിരക്കാത്തതും ഈ ലോകത്ത് പലതും നടക്കുന്നതാണ് . |

81 അവരെ നീ എത്തിനോക്കിയിരുന്നു വെങ്കിൽ ഓടി രക്ഷപ്പെടുന്നതിനായി അവരിൽ നിന്നും നീ പിന്തിരിഞ്ഞുപോകും. അവർ നിമിത്തം നീ ഭയ നിർഭരനാവുകയും ചെയ്യുമായിരുന്നു. (കഹ്ഫ് 66) ആരെ കുറിച്ചാണ് ഭയപ്പെടുന്നത്.

| | | | |
|---|---|---|---|
| A | മിഅ്റാജിൽ ശിക്ഷലഭിക്കുന്ന നരകവാസികളെ കണ്ടാൽ | B | ഭീമാകാരൻമാരായ മലക്കുകളെ കണ്ടാൽ |
| C | ബന്ധിതരാക്കപ്പെട്ട യഅ്ജൂജ് മഅ്ജൂജിനെ കണ്ടാൽ | D | ഉറങ്ങിക്കിടക്കുന്ന ഗുഹാവാസികളെ കണ്ടാൽ |

82 ഇബാദത്തിന്റെ മജ്ജയാണ് പ്രാർത്ഥന.. അപ്പോൾ പ്രാർത്ഥന എന്നാൽ..

| | |
|---|---|
| A | ഒരു മഹാനോട് നേരിട്ട് ചോദിക്കുന്ന സഹായമാണ്. |
| B | ഒരു അദൃശ്യ ശക്തിക്കു മുമ്പിൽ ഭക്തിയോടെ ചെയ്യുന്ന അപേക്ഷയാണ്. |
| C | അർത്ഥന (അഭ്യർത്ഥന) ആവശ്യപ്പെടലുകളുടെ അലങ്കാര രൂപമാണ്. |
| D | ജീവിച്ചിരിക്കുന്നവരോട് താഴ്മയോടെയുള്ള അഭ്യർത്ഥനയാണ്. |

83 സമുദായ സ്ഥാപകനും നേതാവുമെന്നനിലയിൽ കടമയായിക്കൊണ്ട് ഇസ്മാഈൽ നബി(അ) സ്വന്തം പാലിച്ചിരുന്ന ഗുണങ്ങളിൽ പെടാത്തത് ഏതു വിഭാഗത്തിലാണുള്ളത്.

| | |
|---|---|
| A | ജനങ്ങളോട്,പ്രത്യേകിച്ച് സ്വന്തക്കാരോട് സൽകർമ്മത്തിന് ഉപദേശിക്കുക,ദുഷ്കർമ്മം വിരോധിക്കുക |
| B | വാക്ക്,പ്രവർത്തി,വാഗ്ദാനം എന്നിവയിൽ സത്യം പാലിക്കുക.ജനങ്ങളെ ആത്മീയ ശുദ്ധിയുള്ളവരാക്കുക |
| C | സുസംഘടിത സമൂഹത്തിന് സാമൂഹ്യജീവിതം പരസ്പര സഹായ സഹകരണത്തിലും സ്നേഹത്തിലും ആക്കുക |
| D | സ്വയം പ്രതിരോധത്തിനും സംരക്ഷണത്തിനും പ്രത്യേക പരിശീലനം നൽകി അവരെ തയ്യാറാക്കുക |

84 ഇദ്‌രീസ് നബിയുടെ സാക്ഷാൽ പേരിനോട് യോജിക്കാത്തത്

| | | | | | | | |
|---|---|---|---|---|---|---|---|
| A | ഹാനോഖ് | B | അഖ്നോഖ് | C | അസ്‌രീസ് | D | അൽദ്‌രീസ് |

85 മർയമിന്റെ വിഷയത്തിൽ നാലു ഇഞ്ചീലുകളും മൗനം അവലംബിക്കുന്നു. ഖുർആനിന്റെ വിവരണത്തോട് മിക്കവാറും യോജിപ്പു കാണുന്നത് .............................ലെ സുവിശേഷത്തിലാണ്.

| | | | | | | | |
|---|---|---|---|---|---|---|---|
| A | മത്തായി | B | മാർക്കോസ് | C | ലൂക്കോസ് | D | യോഹന്നാൻ |

86 ഈസാ(അ)യെ കുറിച്ച് ഏറ്റവും ശരിയായ വിശ്വാസം ഏത്

| | |
|---|---|
| A | പിതാവില്ലാതെ ജനിച്ചു എന്ന വിശ്വാസം |
| B | ദൈവമാണ്,ദൈവ പുത്രനാണ്,ത്രീയേകത്വമാണ് എന്ന വിശ്വാസം |
| C | ക്രൂശിക്കപ്പെട്ട് പുനരുദ്ധരിക്കപ്പെട്ടു എന്ന വിശ്വാസം |
| D | മോക്ഷത്തിന്റെ മാർഗ്ഗം പാപപരിഹാര തത്വമാണെന്ന വിശ്വാസം |

87- 10-ാം ഘട്ട പാഠഭാഗത്തിലെ ആകെ ആയത്തുകൾ

| | | | | | | | |
|---|---|---|---|---|---|---|---|
| A | 352 | B | 354 | C | 353 | D | 355 |

88 ആയത്തിന്റെ ശരിയായ രൂപം ഏത്?

| | | | |
|---|---|---|---|
| A | ذِكْرُ رَحْمَتَ رَبَّكَ عَبْدَهُ زَكَرِيَّا | B | ذِكْرُ رَحْمَتِ رَبَكَ عَبْدُهُ زَكَرِيَّة |
| C | ذِكْرُ رَحْمَةِ رَبِّكَ عَبْدَهُ زَكَرِيَّا | D | ذِكْرُ رَحْمَتِ رَبَكَ عَبْدُهُ زَكَرِيَّة |

89 തന്നിട്ടുള്ളതിൽ ഒരു സ്വഭാവത്തെയും സൂചിപ്പിക്കാത്ത പദം ഏതാണ് ?

| | | | | | | | |
|---|---|---|---|---|---|---|---|
| A | إِد | B | عَدا | C | ودا | D | أُدا |

90 ضَرَبَ എന്നവാക്കിന്റെ അർത്ഥ പരിധിയിൽ പെടാത്തത് ഏത്?

| | | | | | | | |
|---|---|---|---|---|---|---|---|
| A | ഊതി | B | കുടിച്ചു | C | കടിച്ചു | D | തിന്നു |

91 ഇസ്രാഈൽ വർഗ്ഗം ആരുടെ സന്താന പരമ്പര ആയിരുന്നു.?

| | | | | | | | |
|---|---|---|---|---|---|---|---|
| A | മൂസ(അ) | B | ഈസ(അ) | C | യഅ്ഖുബ്(അ) | D | അയ്യൂബ്(അ) |

92 ഖുർആനിന്റെ അമാനുഷികതക്ക് തെളിവുദ്ധരിക്കാൻ ഏറ്റവും യോജിക്കുന്ന ആയത്ത് ഏത്..

| | | | |
|---|---|---|---|
| A | قُلِ ادْعُواْ اللّهَ أَوِ ادْعُواْ الرَّحْمَنَ أَيًّا مَّا تَدْعُواْ فَلَهُ الأَسْمَاء | B | وَقُلِ الْحَمْدُ لِلّهِ الَّذِي لَمْ يَتَّخِذْ وَلَدًا وَلَم يَكُن لَّهُ شَرِيكٌ فِي |
| C | قُل لَّئِنِ اجْتَمَعَتِ الإِنسُ وَالْجِنُّ عَلَى أَن يَأْتُواْ بِمِثْلِ هَذَا | D | وَإِذَا مَسَّكُمُ الْضُّرُّ فِي الْبَحْرِ ضَلَّ مَن تَدْعُونَ إِلاَّ إِيَّاهُ فَلَمَّا |

93 നിന്റെ റബ്ബ് സ്തുതിക്കപ്പെടുന്നതായ ഒരു സ്ഥാനത്ത് നിന്നെ എഴുന്നേൽപ്പിച്ചു തന്നേക്കാം. (ഇസ്റാഅ് 70) നബി(സ)ക്കുള്ള 'സ്തുതിക്കപ്പെടുന്ന സ്ഥാനം ' കൊണ്ടുള്ള വിവക്ഷ ഹദീസുകളിൽ കാണുന്നത്.

| | |
|---|---|
| A | മഹ്ശറയിൽ ഹൗളുൽ കൗസർ വിതരണം ചെയ്യാൻ കൊടുക്കുന്ന സ്ഥാനം |
| B | മഹ്ശറയിൽ നബി(സ) ശുപാർശ ചെയ്യാൻ കൊടുക്കുന്ന സ്ഥാനം |
| C | മഹ്ശറയിൽ നിന്ന് ആദ്യമായി സ്വർഗ്ഗപ്രവേശനത്തിന് അനുവദിച്ചു കൊടുക്കുന്ന സ്ഥാനം |
| D | മഹ്ശറയിൽ സത്യവിശ്വാസികൾക്കായി പ്രാർത്ഥിക്കാനുള്ള സ്ഥാാനം |

94 ബാങ്കുവിളിക്ക് ശേഷമുള്ള പ്രാർത്ഥനയുടെ **ശരിയായ** രൂപം ഏത്?

| | |
|---|---|
| A | اللهم ربّ هذه الدعوة التامة والصلاة القائمة آت محمداً الوسيلة والفضيلة وابعثه مقاماً محموداً الذي وعدته |
| B | اللهم ربّ هذه الدعوة التامة والصلاة القائمة آت محمداً الوسيلة والفضيلة والدرجة الرفيعة وابعثه مقاماً محموداً الذي وعدته انّك لا تحلف الميعاد |
| C | اللهم ربّ هذه الدعوة التامة والصلاة القائمة آت محمداً الوسيلة والفضيلة والدرجة الرفيعة وابعثه مقاماً محموداً الذي وعدته |
| D | اللهم ربّ هذه الدعوة التامة والصلاة القائمة آت محمداً الوسيلة والفضيلة وابعثه مقاماً محموداً الذي وعدته انّك لا تحلف الميعاد |

95 "നിങ്ങൾ പേടിക്കേണ്ട ! നിശ്ചയമായും ഞാൻ നിങ്ങളുടെ കൂടെയുണ്ട് ; ഞാൻ കേൾക്കുകയും കാണുകയും ചെയ്യും.'' അല്ലാഹു ആരോട് പറഞ്ഞു ?

| | | | |
|---|---|---|---|
| A | ഗുഹയിൽ ഒളിച്ച നബി(സ)യോടും അബൂബക്കറോടും | B | ഫിർഔനിന്നടുത്തേക്ക് പോകുന്ന മൂസയോടും ഹാറൂനോടും |
| C | തീയ്യിലെറിയപ്പെട്ട ഇബ്രാഹീം നബി(അ)യോട് | D | അകലെ ഒറ്റപ്പെട്ട മറിയമിനോടും പുത്രനോടും |

96 . മൂസ (അ)യോടും ജാലവിദ്യക്കാരോടുമുള്ള മത്സരത്തിന് നിശ്ചയിക്കപ്പെട്ട സമയം : വിശദീകരണത്തിൽ പറയാത്ത പദം

| | | | | | | | |
|---|---|---|---|---|---|---|---|
| A | ഉത്സവ ദിനം | B | പൂർവ്വാഹ്ന സമയം | C | മേട – വിഷു ദിവസം | D | ആഘോഷ ദിവസം |

97. കാലത്ത് ജാലവിദ്യക്കാരും അവിശ്വാസികളുമായിരുന്ന അവർ വൈകുന്നേരമായപ്പോഴേക്കും രക്തസാക്ഷികളും പുണ്യവാന്മാരുമായി – അവരുടെ വിശ്വാസത്തിന് അവർ കാരണം പറഞ്ഞത് ഏത് ?

| | | | | | | | |
|---|---|---|---|---|---|---|---|
| A | അല്ലാഹു തെറ്റ് പൊറുക്കാൻ | B | നരക മോചനത്തിന് | C | സ്വർഗ്ഗ പ്രവേശനത്തിന് | D | സത്യ പ്രഖ്യാപനത്തിന് |

98. ആളുകൾ ചേർന്ന് നടത്തുന്ന ദിക്ർ, ചെണ്ട മുട്ട് , നൃത്ത ചേഷ്ടകൾ , ഭക്ഷണ വിതരണം ഇവയിൽ പങ്കെടുക്കുന്നതിനെക്കുറിച്ച് ഇമാം ഖുർതുബിയുടെ നിവേദനം ചെയ്ത ഫത്വയിൽ പെടാത്ത പ്രയോഗം – "സൂഫിയാക്കളുടെ ഇത്തരം നടപടി ………" ആകുന്നു.

| | | | |
|---|---|---|---|
| A | തനി തോന്ന്യാസം | B | വിഡ്ഢിത്തം |
| C | പിഴച്ചത് | D | അൽപം നന്മയും തിന്മയും ഒത്തു ചേർന്നത് |

99 റബ്ബുമായികണ്ടുമുട്ടാൻ ആശിക്കുന്നവരോടുള്ള താക്കീത് ഏത്കാര്യത്തിാണ്

| | | | | | | | |
|---|---|---|---|---|---|---|---|
| A | ചെറിയ ശിർക്ക് | B | വലിയ ശിർക്ക് | C | പരസ്യമായ ശിർക്ക് | D | എല്ലാതരം ശിർക്കുകളും |

100 സൂറത്ത് കഹ്ഫിന്റെ വിവരണം എഴുതിയത് ………….വർഷത്തിലായിരുന്നുവെന്ന് അമാനി മൗലവി വിവരണത്തൽ സൂജിപ്പിക്കുന്നു

| | | | | | | | |
|---|---|---|---|---|---|---|---|
| A | 1960-61 | B | 1961-62 | C | 1962-63 | D | 1963-64 |